## കേരള സർക്കാർ

നം.442/ഡി.ബി.2/18/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 17/1/19

### സർക്കുലർ

**വിഷയം:** തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കുന്നത് - കൂടുതൽ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു

**സൂചന:** 1) 02/07/2018 ലെ 210/ഡിബി2/2018/തസ്വഭ സർക്കുലർ
2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 30.11.2018 ലെ പൊതുവിഷയങ്ങളിലെ തീരുമാനം നം.3.1

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ ഉച്ച കഴിഞ്ഞത്തെ പ്രവർത്തനത്തിന് ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനാജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണെന്നും പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെ ആക്കുന്നതിന്റെ ഭാഗമായി മാത്രമേ ഇപ്രകാരം നിയമനം നടത്താവൂവെന്നും സൂചന (1) പ്രകാരം നിർദേശം നൽകിയിരുന്നു. എന്നാൽ കുടുംബരോഗ്യ പ്രവർത്തനം സംബന്ധിച്ച പ്രസ്തുത സർക്കുലറിൽ മാറ്റം വരുത്തണമെന്ന് ആർദ്രം മിഷന്റെ ആവശ്യം സൂചന (2) യോഗം പരിശോധിച്ചിരുന്നു. ടി യോഗ തീരുമാനപ്രകാരം ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പഞ്ചായത്തിൽ നിന്നും നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തിയെടുക്കുന്ന രീതി അവലംബിക്കാൻ അനുമതി നൽകുന്നു.

2) നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നല്കാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയേഗിക്കാവുന്നതാണ്.

3) മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്നവർ ഉച്ച കഴിഞ്ഞത്തെ സേവനം മാത്രം നടത്തുന്ന രീതിയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണിവരെ സേവനം നടത്തുന്നതിന് ഒരു ടീമായി പ്രവർത്തിക്കുന്നതിന് മറ്റു ഡോക്ടർമാരുമായി ചേരണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം, ഉപകേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. എന്നാൽ ഉച്ചകഴിഞ്ഞ 1.00 മണി മുതൽ 6.00 മണി വരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും നഴ്സമാരും ഉണ്ട് എന്നുറപ്പ് വരുത്തണം.

4) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കണം.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം. (ആവശ്യമായ നിർദേശം നല്കുന്നതിന്)
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.(ആവശ്യമായ നിർദേശം നല്കുന്നതിന്)
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ. എസ്) വകുപ്പ്, ഡിബി2/442/18
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ